**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **1956**

01.02.2018 ൽ
മറുപടിയ്ക്ക്

## നെയ്യാറ്റിൻകര സി.ഐ.ഓഫീസ് പുന:സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ആൻസലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന നെയ്യാറ്റിൻകര സി.ഐ.ഓഫീസ് പ്രവർത്തനം നിറുത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.; | (എ) ഉണ്ട് . സ.ഉ. (കൈ) നം.211/2017/ ആഭ്യന്തരം. തീയതി 21.10.2017 ലെ ഉത്തരവ് പ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരാക്കിയതിനെ ത്തുടർന്നാണ് പ്രസ്തുത സാഹചര്യം നിലവിൽ വന്നത്. |
| (ബി) പ്രസ്തുത സി.ഐ. യുടെ പരിധിയിൽ എത്ര സ്റ്റേഷനുകൾ ഉണ്ടായിരുന്നു എന്ന് വിശദമാക്കാമോ ; | (ബി) നെയ്യാറ്റിൻകര സി.ഐ യുടെ കീഴിൽ നെയ്യാറ്റിൻകര,ബാലരാമപുരം, നരുവാമൂട്, മാരായമുട്ടം എന്നീ നാല്പ പോലീസ് സ്റ്റേഷനുകൾ ഉണ്ടായിരുന്നു. |
| (സി) നെയ്യാറ്റിൻകര ടൗണിൽ സ്ഥിതി ചെയ്യുന്ന സി.ഐ. ആസ്ഥാനം പുന: സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) നെയ്യാറ്റിൻകര സി.ഐ. ഓഫീസ് പുന: സ്ഥാപിക്കുന്നതിന് 03.01.2018 ൽ എം.എൽ.എ, ഡി.ജി.പി. ക്ക് നൽകിയ പരാതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കണം എന്നത് സംബന്ധിച്ച പരാതി ബഹു.എം.എൽ.എ യിൽ നിന്നും സംസ്ഥാന പോലീസ് മേധാവി തലത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ നെയ്യാറ്റിൻകര സി.ഐ. ഓഫീസ് പുന; സ്ഥാപിക്കണം എന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ